

**നന്നായി വ്യഭിചരിക്കാനുള്ള സൗകര്യം വിനോദ സഞ്ചാരികൾക്ക് നൽകുന്നതിനായി പ്രവർത്തിക്കുന്ന ആംസ്റ്റർഡാമിലെ പ്രോസ്റ്റിറ്റ്യൂഷൻ ഇൻഫർമേഷൻ സെന്ററുകളെക്കുറിച്ച്**

**രാജുറാഫേൽ**

# ടീ കൂപ്പും വരാനിരിക്കുന്ന സാമ്പത്തിക മാന്ദ്യവും

**രഞ്ജിത്തിന്റെ** ഒരു സിനിമയിൽ മോഹൻലാലിന്റെ കഥാപാത്രം കാണുന്നവരെയെല്ലാം 'മോനെ ദിനേശാ' എന്ന് വിളിക്കുതു പോലെയാണ് ആംസ്റ്റർഡാമിലെ ജങ്കികൾ വഴിയിൽ കാണുവരെയെല്ലാം ചാർളി എന്ന് വിളിക്കുന്നത്. നിങ്ങളുടെ പേര് ചാർളി എന്ന് തന്നെയാണെങ്കിലും ആ വിളിയോട് പ്രതികരിക്കുകയോ, അവരെ ഗൗനിക്കുകയോ ചെയ്യരുത്. നമ്മൾ ശ്രദ്ധിക്കുന്നു എന്ന് കണ്ടാൽ അവർ പിന്നാലെ കൂടും. കൊക്കയ്ൻ വാങ്ങിക്കാൻ നിർബന്ധിക്കും. വേണ്ടെന്ന് തീർത്ത് പറഞ്ഞാൽ എന്തെങ്കിലും തരണം എന്നാകും. കൊടുത്തില്ലെങ്കിൽ ഉപദ്രവിക്കാൻ ശ്രമിക്കും. പക്ഷെ ഈ പരാക്രമമൊക്കെ വിദേശത്ത് നിന്ന് വരുന്ന ടൂറിസ്റ്റുകളോട് മാത്രം. പൊതുവേ പൊങ്ങച്ചക്കാരായ അമേരിക്കൻ ടൂറിസ്റ്റുകളാണ് ജങ്കികളുടെ പ്രിയപ്പെ 'ഇരകൾ' . വ്യഭിചാര കേന്ദ്രങ്ങളിലേക്ക് പോകുന്ന വഴികളിൽ ഒറ്റക്ക് കറങ്ങി നടക്കുന്ന വിനോദസഞ്ചാരികളുടെ പിന്നാലെ കൂടിയ ശേഷം ഒഴിഞ്ഞ ഏതെങ്കിലും കോണിലെത്തുമ്പോഴായിരിക്കും പൈസ ചോദിക്കുത്. കൊടുത്തില്ലെങ്കിൽ ഉപദ്രവിക്കുകയും പിടിച്ചു പറിക്കുകയും ചെയ്യും.

"ചാർളി, കൊക്കയ്ൻ വേണോ? എന്ന് ചോദിച്ച് ജങ്കികൾ അടുത്ത് വന്നാൽ നോ താങ്ക്സ് എതിന് പകരം ഡച്ച് ഭാഷയിൽ നയീ  ഡാങ്ക്സ് എന്ന് പറയുക. പിന്നാലെ കൂടിയാൽ  ഒഴിഞ്ഞ സ്ഥലത്തേക്ക് പോകാതെ ആൾതിരക്കുള്ള സ്ഥലത്തേക്ക് നടക്കുകയോ ഏതെങ്കിലും കടയിൽ കയറുകയോ ചെയ്യുക, ആംസ്റ്റർഡാമിലെ ഇത്തരം ഇരുണ്ട വഴികളിലൂടെ ഒരിക്കലും ഒറ്റയ്ക്ക് കറങ്ങി നടക്കരുത്"– ടോണി, ജങ്കികളുടെ കയ്യിൽപ്പെടാതെ രക്ഷപ്പെടാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എനിക്ക് നൽകി. "ഡച്ച് ഭാഷ അറിയുന്നവരുടെ അടുത്ത് സംസാരിച്ച് ജങ്കികൾ സമയം കളയില്ല. അഹങ്കാരികളും പൊങ്ങച്ചക്കാരുമായ അമേരിക്കൻ ടൂ

റിസ്റ്റുകളെയാണ് അവർക്ക് നോട്ടം. നിങ്ങൾ ഇന്ത്യാക്കാരെ ജങ്കികൾക്ക് പേടിയാണ്. ഇന്ത്യാക്കാരെ തല്ലിയാൽ തിരിച്ച് അതേപോലെ തല്ലുകിട്ടും, ചിലപ്പോൾ കയ്യിലുള്ള കാശുകൂടി പോകുകയും ചെയ്യും എന്ന് അവർക്ക് അറിയാം'' – ടോണി എന്നെ കളിയാക്കുന്നമട്ടിൽ പറഞ്ഞു.

ഗതികേട് കൊണ്ട് ഏതെങ്കിലും നേഴ്സിനെ കെട്ടി യൂറോപ്പിലെത്തിയ കുടിയേറ്റ കർഷകനായ മലയാളിയെ തടഞ്ഞ് നിറുത്തി, കയ്യിലുള്ളത് തട്ടിപ്പറിക്കാൻ മുൻപ് ഏതെങ്കിലും ജങ്കി ശ്രമിച്ചുകാണും, കുന്നും മലയും കിളച്ച് റബ്ബറും കുരുമുളകുമൊക്കെ വിളയിച്ച കുടിയേറ്റ കർഷകന്റെ കയ്യിന്റെ കരുത്ത് സ്വഭാവികമായും ജങ്കിക്ക് മനസ്സിലായിട്ടുണ്ടാകും. – ഞാൻ മനസ്സിലോർത്തു.

ടൂറിസ്റ്റുകളെ നിരീക്ഷിച്ചുകൊണ്ട് വഴിയരുകിൽ നിൽക്കു പോലീസുകാരന്റെ മുന്നിലൂടെയാണ്, ചാർളി കൊക്കയ്ൻ വേണോ എന്ന് വിളിച്ചു ചോദിച്ചുകൊണ്ട് ആ ജങ്കി നടക്കുന്നത്. മാരക ലഹരി വസ്തുവായ കൊക്കയ്ൻ ഉപയോഗിക്കുതും വിൽക്കുതും ഹോളണ്ടിലും നിയമ വിരുദ്ധമാണ്. കൺമുൻപിൽ നിരോധിക്കപ്പെട്ട ലഹരി മരുന്നിന്റെ വിൽപ്പന കണ്ടിട്ടും ആ നിയമപാലകൻ അനങ്ങാപ്പാറ നയം സ്വീകരിച്ചുകൊണ്ട് നിൽക്കുന്നതാണ് എന്നെ അൽഭുതപ്പെടുത്തിയത്. ഞാനിത് ടോണിയോട് ചോദിക്കുകയും ചെയ്തു.

"അതിന് ജങ്കികൾ വിൽക്കുന്നത് കൊക്കയ്ൻ ആണെന്ന് ആരു പറഞ്ഞു? അത് വെറും പാരസിറ്റമോൾ ഗുളിക പൊടിച്ചതാണ്. പൊങ്ങച്ചക്കാരും വിവരദോഷികളുമായ അമേരിക്കൻ ടൂറിസ്റ്റുകളെ പറ്റിക്കാനായി ജങ്കികൾ കാലങ്ങളായി നടത്തുന്ന തട്ടിപ്പ് വിദ്യയാണ് അത്. കൊക്കയ്ൻ ആണെന്ന് കരുതി 60 ഉം 70ഉം യൂറോ കൊടുത്ത് പാരസിറ്റമോൾ ഗുളികപ്പൊടി വാങ്ങി, മൂക്കിൽ വലിച്ചുകയറ്റി, താൻ പൂർണ്ണ ലഹരിയിലാണ് എന്ന് തെറ്റിദ്ധരിച്ച് കുഴഞ്ഞ് നടക്കുന്ന അമേരിക്കൻ പൊട്ടന്മാരെ ഞാൻ നിനക്ക് കാണിച്ചു തരാം". ടോണി പറഞ്ഞു.

തങ്ങളേക്കാൾ സമ്പന്നരായ അമേരിക്കൻ സായിപ്പന്മാരോട് യുറോപ്പിലെ സായിപ്പന്മാർക്ക് പൊതുവേ അസൂയയും പുച്ഛവുമാണ്. അവരെ താഴ്ത്തി




ലേഖകൻ ആംസ്റ്റർഡാമിലെ ഒരു സെക്സ് മ്യൂസിയത്തിന് മുന്നിൽ

**വലിയൊരു സാമ്പത്തിക മാന്ദ്യവും തുടർന്ന് ദാരിദ്ര്യം നിറഞ്ഞ നാളെകളും തങ്ങളെ കാത്തിരിക്കുന്നു എന്നും അത് വളരെ അടുത്ത് എത്തിക്കഴിഞ്ഞുവെന്നും യുറോപ്പിലെ സന്നമ്പരും സാധാരണക്കാരും ഒരുപോലെ ഭയപ്പെടുന്നു. ഇതിന്റെ ഭാഗമായി ഉള്ളതെല്ലാം വിറ്റുപെറുക്കാനുള്ള ജനങ്ങളുടെ വെപ്രാളം ലോകത്തിലെ ഏറ്റവും മികച്ച സമ്പന്ന രാഷ്ട്രങ്ങളിലൊന്നായ ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിലും കാണാം. ഏത് ഫ്ളാറ്റു സമുച്ചയത്തിന്റെ മുന്നിലൂടെ പോയാലും ചുരുങ്ങിയത് പത്ത് ''ടീ കൂപ്'' ( വില്പനക്ക്) ബോർഡുകൾ കാണാം.**

കെട്ടാൻ കിട്ടു ഒരു അവസരവും ശരാശരി യൂറോപ്യൻ സായിപ്പ് പാഴാക്കില്ല. ലോകപോലീസ് ചമയുന്ന അമേരിക്കയുടെ നയങ്ങളോടും നിലപാടുകളോടും യൂറോപ്പിലെ സാധാരണ ജനങ്ങൾക്ക് പൊതുവേ അമർഷമാണ് എന്നതാണ് ഈ അസൂയയുടെ രാഷ്ട്രീയം. അമേരിക്കയുടെ വാക്ക് കേട്ട് ഇറാക്ക് അധിനിവേശത്തിൽ പങ്കെടുത്ത യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങളുടെ നിലപാട് ഇറാക്കിനോടും സദ്ദാം ഹുസൈനോടും ചെയ്തത് ചരിത്രം മാപ്പ് നൽകാത്ത കൊടും ക്രൂരതയാണ് എന്നതാണ്. റേഡിയോ നെതർലാന്റ്സിലെ ന്യൂസ് റൂമിലെയും ഇടനാഴികളിലെയും ചർച്ചകളിലേക്ക് ഈ വിഷയം മനപ്പൂർവ്വം വലിച്ചിടുമ്പോഴൊക്കെ ഇത്തരത്തിലുള്ള രൂക്ഷമായ പ്രതികരണമാണ് യൂറോപ്യൻ ജേർണ്ണലിസ്റ്റുകളിൽ നിന്ന് ഉണ്ടാവാറുള്ളത്. പക്ഷെ അവർ അതിന്റെ അമർഷം മുഴുവൻ പ്രകടിപ്പിക്കുന്നത് അമേരിക്കയോട് ആണ്. അമേരിക്ക നയിച്ച തെറ്റായ വഴികളിലൂടെ നടന്ന് യൂറോപ്യൻ രാജ്യങ്ങളിലെ സർക്കാരുകൾ തങ്ങളുടെ രാജ്യങ്ങളുടെ സാമ്പത്തിക ഭദ്രതതന്നെ ഇല്ലാതാക്കി എന്ന വികാരമാണ് യൂറോപ്പിലെ സാധാരണ ജനങ്ങൾക്ക് ഇപ്പോഴുള്ളത്. അതിന്റെ പ്രതിഫലനമാണ് അമേരിക്കാരെ മൊത്തത്തിൽ പുച്ഛിച്ചുകൊണ്ടുള്ള ടോണിയുടെ സംസാരത്തിലും ഉള്ളത്.

വലിയൊരു സാമ്പത്തിക മാന്ദ്യവും തുടർന്ന് ദാരിദ്ര്യം നിറഞ്ഞ നാളെകളും തങ്ങളെ കാത്തിരിക്കുന്നു എന്നും അത് വളരെ അടുത്ത് എത്തിക്കഴിഞ്ഞുവെന്നും യുറോപ്പിലെ സമ്പന്നരും സാധാരണക്കാരും ഒരുപോലെ ഭയപ്പെടുന്നു. ഇതിന്റെ ഭാഗമായി ഉള്ളതെല്ലാം വിറ്റുപെറുക്കാനുള്ള ജനങ്ങ

ളുടെ വെപ്രാളം ലോകത്തിലെ ഏറ്റവും മികച്ച സമ്പന്ന രാഷ്ട്രങ്ങളിലൊന്നായ ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിലും കാണാം. ഏത് ഫ്ളാറ്റു സമുച്ചയത്തിന്റെ മുന്നിലൂടെ പോയാലും ചുരുങ്ങിയത് പത്ത് "ടീ കൂപ്പ് " (ഫോർ സെയിൽ - വില്പനക്ക്) ബോർഡുകൾ കാണാം. നാലാളു കൂടുന്ന കവലകളിലൊക്കെ കാറ് കൊണ്ടുവിന്നിട്ട് സായിപ്പ് അതിന്റെ പുറത്ത് ടീ കൂപ്പ് ബോർഡ് വെച്ച് ബോണറ്റിൽ ചാരി ആവശ്യക്കാരനെ കാത്തു നിൽക്കുന്നതു കാണാം. ഇപ്പോൾ കാശിന് ആവശ്യമുണ്ടായിട്ടല്ല, സാമ്പത്തിക മാന്ദ്യം വന്ന് വിലകുറയുതിന് മുൻപ് വിറ്റ് കാശാക്കാനുള്ള തത്രപാടാണ് അതെന്നാണ് ടോണി പറയുന്നത്. എന്തായാലും ടോണിയുടെ വീടിന്റെ മുന്നിലും ഒരു ടീ കൂപ്പ് ബോർഡ് വച്ചിട്ടുണ്ടത്രേ ! പക്ഷെ ബോർഡ് വെച്ചിട്ട് കുറേ നാളായെങ്കിലും ആരും വാങ്ങിക്കാൻ എത്തുന്നില്ല എന്നാണ് മൂപ്പരുടെ പരാതി. സാമ്പത്തിക മാന്ദ്യം പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ ആരെങ്കിലും കയ്യിലുള്ള സമ്പാദ്യം മുഴുവൻ മുടക്കി വീട് വാങ്ങിക്കുമോ എന്ന് ഇടക്ക് സന്ദേഹിക്കുകയും ചെയ്യും. നടത്തികൊണ്ട് പോകാൻ പറ്റാത്തതുകാരണം നിരവധി ക്രിസ്ത്യൻ പള്ളികളും ഹോളണ്ടിലെ വിവിധ നഗരങ്ങളിൽ ടീ കൂപ്പ് ബോർഡു പേറി നിൽക്കുന്നുണ്ട്. എന്തായാലും സാമ്പത്തിക മാന്ദ്യത്തിന്റെ ഭീഷണി റേഡിയോ നെതർലാന്റ് സിലും ഉണ്ട്. നിരവധി ജേർണ്ണലിസ്റ്റുകൾക്ക് എപ്പോൾ വേണമെങ്കിലും പണി പോകാമെന്ന അവസ്ഥയാണ്. നെതർലാന്റ് വികസന ഏജൻസിയാകട്ടെ ഞങ്ങളെപ്പോലുള്ള വിദേശ പത്രപ്രവർത്തകർക്ക് ആർ. എൻ.ടി.സി-യിലെ പഠനാവശ്യത്തിനായി നൽകുന്ന സ്കോളർഷിപ്പ് തുക ഈ വർഷം മുപ്പത് ശതമാനം കണ്ട് കുറച്ചിരിക്കുകയാണത്രേ.

കുറച്ച് കൂടി നടപ്പോൾ വഴിയിൽ കൊക്കയ്ൻ വിൽക്കു ജങ്കികളുടെ എണ്ണം കൂടിവന്നു. എല്ലാവരും ചാർളി എന്ന് കാണുവരെയെല്ലാം വിളിച്ചാണ് നൈസ് കൊക്കയ്ൻ, ക്രാക്ക്, ക്രാക്ക് എന്ന് പറയുത്. ഇവർ കൊക്കയ്ൻ എന്ന വ്യാജേന പാരസിറ്റമോൾ പൊടി നൽകി ടൂറിസ്റ്റുകളെ പറ്റിക്കുകയാണെങ്കിലും യഥാർത്ഥ കൊക്കയ്ൻ ആംസ്റ്റർഡാമിൽ സുലഭമായി ലഭിക്കും. അത് ഇഷ്ടം പോലെ ലഭിക്കുന്ന കടകൾ ആംസ്റ്റർഡാമിൽ മാത്രമല്ല ഹോളണ്ടിൽ എല്ലായിടത്തുമുണ്ട്. വഴി വാണിഭക്കാരുടെ കയ്യിൽ നിന്നും ഒന്നും വാങ്ങരുത്. അവർ നിങ്ങളെ പറ്റിക്കും എന്ന് മാത്രമല്ല, ചിലപ്പോൾ നിയമലംഘനം നടത്തിയതിന് നിങ്ങൾ പോലിസ് പിടിയിലാകുകയും ചെയ്യുമെന്ന് ഹോളണ്ടിൽ വിമാനമിറങ്ങിയപ്പോൾ ഷീപ്പോൾ എയർപോർട്ടിലെ ഹെൽപ്പ് ഡെസ്കിൽ നിന്ന് ലഭിച്ച ഉപദേശം ഞാൻ ഓർത്തു. പ്രധാനമായും സൈക്കിളും മയക്കുമരുന്നും ആണ് വഴിവാണിഭക്കാരിൽ നിന്ന് വാങ്ങരുത് എന്ന് ഹോളണ്ടിലെ സർക്കാർ വിദേശികളോട് ഉപദേശിക്കുന്ന വസ്തുക്കൾ. വഴിയിൽ വിൽക്കുന്ന സൈക്കിൾ മോഷ്ടിച്ചതായിരിക്കും. മയക്കുമരുന്ന് പാരസിറ്റമോൾ പൊടിയും. സൈക്കിൽ വാങ്ങിക്കേണ്ട, വാടകക്ക് എടുക്കൂ, മയക്കുമരുന്ന് വേണമെങ്കിൽ കോഫി ഷോപ്പിൽ പോയി വാങ്ങിക്കൂ- ഇതാണ് ടൂറിസം ഇൻഫർമേഷൻ സെന്ററിൽ ലഭിക്കുന്ന ഉപദേശം.

വളരെ സഹാനുഭൂതിയോടെയാണ് പോലീസും മറ്റ് സർക്കാർ വിഭാഗങ്ങളും ജങ്കികളോട് പെരുമാറുന്നത്. ജങ്കികളുടെ എണ്ണം പെരുകാതെ നോക്കുക, ഉള്ള ജങ്കികളെ പുനരധിവസിപ്പിക്കുക - ഇതാണ് ഇക്കാര്യത്തിലെ ഹോളണ്ട് സർക്കാരിന്റെ നയം. ഇതിനായി വൻതുകയാണ് ഓരോ വർഷവും ഹോളണ്ട് സർക്കാർ ചെലവഴിക്കുന്നത്. ഇത് ഫലപ്രാപ്തിയിലെത്തുന്നുണ്ട് എതിന്റെ തെളിവാണ് ജങ്കികൾക്ക് വേണ്ടിയുള്ള പുനരധിവാസ കേന്ദ്രങ്ങളുടെ വിജയകരമായ പ്രവർത്തനം എന്നാണ് ടോണിയുടെ നിരീക്ഷണം. ഒരു ദിവസം ഒരു ജങ്കി പുനരധിവാസ കേന്ദ്രം എന്നെ കൊണ്ടുകാണിക്കാമെന്നും ടോണി ഉറപ്പുതന്നു.




**"ഏത് തരത്തിലുള്ള സ്ത്രീയെ വ്യഭിചരിക്കാനാണ് താങ്കൾ ആഗ്രഹിക്കുന്നത്? എങ്ങനെയാണ് അതിന് ഞാൻ താങ്കളെ സഹായിക്കേണ്ടത്" എന്നാണ് എന്നെ കണ്ടപ്പാടെ വളണ്ടിയർ പെൺകുട്ടി ചോദിച്ചത്. ഒന്നും മിണ്ടാതെ ഞാൻ അന്തംവിട്ടു നിൽക്കുന്നതു കണ്ടപ്പോൾ അവൾക്ക് സംശയമായി. "അല്ലെങ്കിൽ പിന്നെ. . . നിങ്ങൾക്ക് സ്വവർഗ്ഗരതിയിലാണോ താല്പര്യം ? "**

ആയിരത്തോളം വരുന്ന ആംസ്റ്റർഡാമിലെ ജങ്കികളിൽ ഭൂരിഭാഗം പേരും ഡച്ചുകാരല്ല എന്നതാണ് ഏറെ കൗതുകകരം. മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് വന്ന് ഇവിടെ അടിഞ്ഞുകൂടിയവരാണ് അവർ. കഥാകാരന്മാരുടെയും കലാകാരന്മാരുടെയും നഗരമായ ആംസ്റ്റർഡാമിന്റെ ആകർഷണ വലയത്തിൽപ്പെട്ട് ജീവിതം കൈവിട്ടു

പോയവർ. അവരെ ഹോളണ്ടിൽ നിന്ന് പുറത്താക്കാനല്ല, അവരെക്കൂടി തങ്ങളുടെ സമൂഹത്തിന്റെ ഭാഗമായി കണ്ട് പുനരധിവസിപ്പിക്കാനാണ് ഡച്ച് സമൂഹം ശ്രമിക്കുന്നത് എന്നറിഞ്ഞപ്പോൾ ഡച്ച് ജനതയുടെ സഹിഷ്ണുതയോടും മാനവികതയോടും എനിക്ക് ആദരവ് തോന്നി. പുനരധിവാസ കേന്ദ്രങ്ങളിൽ മയക്കുമരുന്ന് ലഭിക്കാത്തതുകൊണ്ടാണ് ജങ്കികൾ അവിടേക്ക് പോകാൻ മടിക്കുത്. നമ്മുടെ നാട്ടിലെപ്പോലെ യാചകരെയും മറ്റും ബലമായി പിടിച്ചുകൊണ്ടുപോയി പുനരധിവസിപ്പിക്കുന്ന ഏർപ്പാട് അവിടെയില്ലതാനും.

മയക്കുമരുന്നിന് അടിമകളായ ജങ്കികളോട് കാണിക്കു സഹിഷ്ണുത , ഡച്ച് ഭരണകൂടം ആധുനിക സമൂഹം നെറ്റിചുളിക്കുന്ന മറ്റ് പലകാര്യങ്ങളിലും പ്രകടിപ്പിച്ച് ലോകത്തെ ഞെട്ടിച്ചിട്ടുണ്ട് എന്ന കാര്യവും വിസ്മരിക്കാൻ കഴിയില്ല. ലോകത്ത് ആദ്യമായി നിയമപരമായി ദയാവധം നടപ്പിലാക്കിയ രാജ്യമാണ് ഹോളണ്ട്. അതുപോലെ സ്വവർഗ്ഗവിവാഹം ആദ്യമായി നിയമാനുസൃതമാക്കിയതും ഹോളണ്ടുകാർ തെ. ഈ രണ്ട് കാര്യങ്ങളിലും കത്തോലിക്ക സഭ ശക്തമായ എതിർപ്പുമായി രംഗത്ത് വങ്കിലും (മഹാഭൂരിഭക്ഷം ജനങ്ങളും ഇവിടെ കത്തോലിക്കരാണ്) ഹോളണ്ടിലെ ജനങ്ങൾ അതൊന്നും കാര്യമായി എടുത്തില്ല.

ഡച്ചുകാർ റോസ്സെ ബൂർ (ചുവ അയൽപ്പക്കം) എന്ന് വിളിക്കു ആംസ്റ്റർഡാമിലെ റെഡ് ലൈറ്റ് ഡിസ്ട്രിക്കിലേക്കാണ് ടോണി എന്നെ കൊണ്ടുപോകുന്നത്. എന്ന് വച്ചാൽ ലോകത്തിലെ ഏറ്റവും വലിയ (ടോണിയുടെ ഭാഷയിൽ – സുന്ദരമായ) അഭിസാരിക കേന്ദ്രത്തിലേക്ക്. വ്യഭിചാരം ഒരു പാപമോ കുറ്റമോ അല്ല.  സർക്കാറിന്റെ അനുമതിയോടും മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന വ്യഭിചാര കേന്ദ്രങ്ങളാണ് റെഡ് ലൈറ്റ് ഡിസ്ട്രിക്കിൽ നിറയെ. ഞാൻ ആവശ്യപ്പെട്ടിട്ടല്ല ടോണി എന്നെ അവിടേക്ക് കൊണ്ടുപോകുന്നത് എതാണ് ഏറെ രസകരം. എനിക്ക് അവിടേക്കാണ് പോകേണ്ടത് എന്ന് ടോണി സ്വയം തീരുമാനിക്കുകയായിരുന്നു. അവിടേക്കാണ് ഞങ്ങൾ പോകുന്നത് എന്ന് ടോണി ഇതുവരെ എന്നോട് പറഞ്ഞിട്ടും ഇല്ല. അത് പ്രത്യേകിച്ച് പറയേണ്ട കാര്യമുണ്ടോ, ആംസ്റ്റർഡാമിൽ ആദ്യം സന്ദർശിക്കേണ്ടത് ഈ വേശ്യതെരുവുകളല്ലേ എാണ് മുപ്പരുടെ ചിന്ത. ആംസ്റ്റർഡാമിൽ ഏത് വിദേശിവന്നാലും ഡച്ചുകാർ അഭിമാനപൂർവ്വം ആദ്യം കൊണ്ടുവു കാണിക്കുക ഈ റെഡ് ലൈറ്റ് ഡിസ്ട്രിക്ക് ആണ്. ലോകത്തിലെ മറ്റ് ഏത് സമൂഹവും വെറുപ്പോടെ കാണു വേശ്യ തെരുവുകളെയും അഭിസാരികളെയും ചൊല്ലി ഡച്ചുകാരന്റെ മനസ്സ് അഭിമാനിക്കുന്നു.   സിറ്റി ഓഫ് സ്റ്റോറി ടെല്ലേഴ്സ് – കലാകാരന്മാരുടെയും കാഥികരുടെയും നഗരം – എന്ന് ലോകം വാഴ്ത്തു ആംസ്റ്റർഡാമിന്റെ അപരനാമം സിറ്റി ഓഫ് സിൻ – പാപങ്ങളുടെ നഗരം എന്നാണ്.

ഈ നഗരത്തിൽ നിങ്ങൾ കണ്ടുമുട്ടുന്ന നാലുപേരിൽ ഒരാൾ എഴുത്തുകാരനോ സിനിമാ സംവിധായകനോ ആയിരിക്കും. രണ്ടാമത്തെയാൾ നർത്തകനോ അഭിനേതാവോ, മൂന്നാമത്തെയാൾ വിനോദ സഞ്ചാരി, നാലാമത്തെയാൾ അഭിസാരികയും – ആംസ്റ്റർഡാമിനെ കുറിച്ച് ഡച്ചുകാർ തന്നെ വാഴ്ത്തുന്നത് ഇങ്ങനെയാണ്. ആംസ്റ്റർഡാം – സിറ്റി ഓഫ് സിൻ എന്ന് അറിയപ്പെടുന്നതിൽ ഓരോ ഡച്ചുകാരനും അഭിമാനിക്കുന്നുണ്ടെന്ന് എനിക്ക് തോന്നി. ഇവിടുത്തെ ടൂറിസം ഡിപ്പാർട്ട്മെന്റ് ഏറ്റവും മികച്ച രീതിയിൽ റെഡ് ലൈറ്റ് ഡിസ്ട്രിക്കിലെ അഭിസാരികളെ സമ്പന്ന രാജ്യങ്ങളിൽ നിന്ന് എത്തുന്ന വിനോദ സഞ്ചാരികൾക്ക് മുന്നിൽ വിപണനം ചെയ്യുന്നു. പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കില്ല ! നന്നായി വ്യഭിചരിക്കാൻ വിനോദ സഞ്ചാരികൾക്ക് സഹായം നൽകാനായി പ്രോസ്റ്റിറ്റ്യൂഷൻ ഇൻഫർമേഷൻ സെന്ററുകൾ പോലും റെഡ് ലൈറ്റ് ഡിസ്ട്രിക്കിൽ പ്രവർത്തിക്കുന്നുണ്ട്. ആംസ്റ്റർഡാമിൽ മൂന്ന് റെഡ് ലൈറ്റ് ഡിസ്ട്രിക്കുകൾ ആണ് ഉള്ളത്. അതിൽ വാലറ്റ്ജെസ് എന്ന പ്രധാന ചുവന്ന ജില്ലയിലേക്കാണ് ഞങ്ങൾ പോകുന്നത്.

ആംസ്റ്റർഡാം സെന്ററത്തിൽ (നഗരഹൃദയം) നിന്ന് ഒരു വിളിപ്പാട് അകലെയാണ് ഡെ വാലൻ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യു വാലറ്റ്ജെസ് എന്ന റെഡ് ലൈറ്റ് ഡിസ്ട്രിക്ക്. ആംസ്റ്റർഡാം സെൻട്രൽ  റെയിൽവേ സ്റ്റേഷനിൽ നിന്ന് നടന്ന് എത്താനുള്ള ദൂരം മാത്രം. ഏതാനും സെക്സ് ഷോപ്പുകളെയും ജങ്കീസിനെയും പിന്നിട്ട് വാലറ്റ്ജെസിന്റെ കവാടത്തിൽ എത്തിയ ഞങ്ങളെ സ്വാഗതം ചെയ്തത് പ്രോസ്റ്റിറ്റ്യൂഷൻ ഇൻഫർമേഷൻ സെന്ററിലെ ഒരു വളണ്ടിയർ പെൺകുട്ടിയാണ്. "ഏത് തരത്തിലുള്ള സ്ത്രീയെ വ്യഭിചരിക്കാനാണ് താങ്കൾ ആഗ്രഹിക്കുന്നത്?  എങ്ങനെയാണ് അതിന് ഞാൻ താങ്കളെ സഹായിക്കേണ്ടത്" എന്നാണ് എന്നെ കണ്ടപ്പാടെ വളണ്ടിയർ പെൺകുട്ടി ചോദിച്ചത്. ഒന്നും മിണ്ടാതെ ഞാൻ അന്തംവിട്ടു നിൽക്കുന്നതു കണ്ടപ്പോൾ അവൾക്ക് സംശയമായി. "അല്ലെങ്കിൽ പിന്നെ. . . നിങ്ങൾക്ക് സ്വവർഗ്ഗരതിയിലാണോ താല്പര്യം?" . . .എന്നായി അടുത്ത ചോദ്യം.

*(തുടരും)*

**books**
**magazines**
**periodicals**

BYWORD
BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689,Mob : 9847764577

*With best compliments from*

CENTRE FOR POST
GRADUATE STUDIES

P.G. Centre
North Bus Stand, Thrissur-20.
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com